**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**11 August 2017 / 18 Dhul Qaddah 1438 Hijira)**

## SURA AT-TAKATHUR (Chapter : 102) / സൂറ : അത്യാർത്തി : അദ്ധ്യായം : 102

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **സൂറ : അത്യാർത്തി** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

1. പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ
2. ഭൗതിക നേട്ടങ്ങളുടെ വർദ്ധനവിനുവേണ്ടിയുള്ള പരസ്പര മാത്സര്യം നിങ്ങളെ (അല്ലാഹുവിൽ നിന്ന്) അശ്രദ്ധരാക്കിയിരിക്കുന്നു.
3. നിങ്ങൾ ശ്മശാനങ്ങൾ സന്ദർശിക്കുവോളം
4. വേണ്ട തീർച്ചയായും നിങ്ങളറിയും
5. അതേ, വീണ്ടും തീർച്ചയായും നിങ്ങളറിയും
6. അങ്ങനെയല്ല, നിങ്ങൾ ദൃഢമായി അറിയുന്ന പക്ഷം
7. തീർച്ചയായും നിങ്ങൾ നരകത്തെ ( ഈ ജീവിതത്തിൽ) കാണും.
8. പിന്നീട് അതിനെ (പരലോകത്ത്) നേരിൽ കണ്ട് നിങ്ങൾക്ക് ദൃഢവിശ്വാസം വരികതന്നെ ചെയ്യും
9. പിന്നീട് അന്നാളിൽ നിങ്ങളോട് ഭൗതിക സുഖങ്ങളെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്.

സൂറ : അത്താക്കാസുർ (അധ്യായം 102) അത്യാർത്തി (അതായത് കൂടുതൽ കൂടുതൽ നേടുവാനുള്ള ഇച്ഛകൾ)പ്രസ്തുത അധ്യായം,എല്ലാം സ്വന്തമാക്കുവാനുള്ള ആഗ്രഹം പേറിനടക്കുന്നവർക്കുള്ള ഒരു

മുന്നറിയിപ്പ്ാണ്.അവർ ധനം കുന്നുകൂട്ടുവാൻ ആഗ്രഹിക്കുന്നവരാണ്.

## വചനം 2

ധനം (കുന്നുകൂട്ടുവാനുള്ള) മത്സരത്തിൽ നിങ്ങളുടെ ഏകഗ്രത കെടുത്തികളഞ്ഞിരിക്കുന്നു

ധനം നേടുവാനുള്ള ഈ ഭ്രാന്ത്, ഒരുവന്റെ സൗഭാഗ്യം വർദ്ധിപ്പിക്കുവാനുള്ള ഉന്മാദം, പദവി നേടാനുള്ള മോഹം, അനുയായികളുടെയും ശിഷ്യന്മാരുടെയും പക്ഷക്കാരുടെയും പിന്താങ്ങുന്നവരുടെയും എണ്ണം വർദ്ധിക്കുപ്പിക്കുവാനുള്ള തത്രപ്പാട്, സമ്പൂർണ്ണ ഉത്പാദനം, സംഘടിതശക്തി എന്ന ആശയം ഇവ ഒരു വ്യക്തിയെ മാത്രമല്ല, സമുദായങ്ങളെയും രാജ്യങ്ങളെയും ബാധിക്കുന്ന പ്രശ്നങ്ങളാണ്.

## കുത്തക എന്നാൽ എന്താണ് ?

എല്ലാ കാര്യങ്ങളുടെയും നിയന്ത്രണവും കുത്തകാവകാശവും വ്യക്തിയിൽ കേന്ദ്രീകരിക്കലും എല്ലാ കാര്യങ്ങളുടെയും നിയന്ത്രണവും കുത്തകാവകാശവും വ്യക്തിയിൽ കേന്ദ്രീകരിക്കുക. ഇവ തടയപ്പെടേണ്ടതാണ്, ധാർമ്മികതയ്ക്കെതിരുമാണിത്. കുത്തകാവകാശം പൊതുജനങ്ങളെ ചൂഷണം ചെയ്യലാണ്. അത്തരം വ്യക്തിയെ അതായത് കുത്തകക്കാരനെ ജനങ്ങൾ പിൻപറ്റിയാൽ, ഭൗതിക സാഹചര്യം വളരെ മോശമായിതീരുന്നതാണ്.

അതായത് കുത്തകക്കാരന്റെ അധികാരവും ധനവും ഈ ലോകത്തെ താഴ്ചയിലേക്ക് നയിക്കുന്നതാണ്. കുത്തകയെ നിലയ്ക്ക് നിർത്തിയാൽ, അവിടെ മത്സരം ഉണ്ടാകും. അത്തരം മത്സരങ്ങൾ മറ്റുള്ളവരും ഏറ്റെടുക്കുകയും, നേട്ടത്തിലേക്ക് ബന്ധപ്പെടുവാനും ധനത്തിൽ പങ്കാളികളാകുവാനും സാധിക്കും. കൂടുതൽ ധനത്തിനു വേണ്ടി അത്തരം മത്സരങ്ങൾ, പ്രസ്തുത വ്യക്തിയുടെ ശ്രദ്ധ തിരിയുന്നതാണ്. അവനുമായി മത്സരിക്കുന്നവർക്കെതിരിൽ അവന്റെ ധനകുത്തക നടപ്പിലാക്കുന്നതിൽ അവൻ വിഷമിക്കുകയും അവനത് ഉപേക്ഷിച്ചിട്ട് അതിനേക്കാൾ കൂടുതൽ ധനത്തിനു വേണ്ടിയുള്ള അത്തരം മത്സരങ്ങൾ പ്രസ്തുത വ്യക്തിയുടെ ശ്രദ്ധതിരിക്കുന്നതുമാണ്. അവനുമായി

മത്സരിക്കുന്നവർക്കെതിരിൽ അവന്റെ ധനകുത്തക നടപ്പിലാക്കുന്നതിൽ, അവൻ വിഷമിക്കുകയും, അവനത് ഉപേക്ഷിച്ചിട്ട് അതിനേക്കാൾ കൂടുതല് പ്രാധാന്യമുള്ള കാര്യങ്ങൾ ചെയ്യുന്നതിനായി തിരിയുന്നതുമാണ്, അതായത് പ്രാർത്ഥന. നല്ല പെരുമാറ്റം തുടങ്ങിയവ. ഇക്കാരണത്താലാണ്, ഈ വചനത്തിലൂടെ ആത്മീയ കാഴ്ചപ്പാടിലൂടെ വ്യക്തമായ ഒരു മുന്നറിയിപ്പ് നല്കുന്നുത്.

മനുഷ്യൻ അവൻ/അവൾ ഈ ക്ഷണികമായ കാര്യങ്ങളിൽ സാധനങ്ങളിൽ മരണം അവനെ / അവളെ കീഴ്പ്പെടുത്തുന്നതുവരെ ആഴ്ന്നു കിടക്കുവാനുള്ള ഒരു വാസനയിലാണ് കുടികൊള്ളുന്നത്, മരണം ആസന്നമാകുമ്പോൾ, ഭൂമിയിലെ അവന്റെ കഴിഞ്ഞകാല ജീവിതത്തിൽ ഒരു ദൃശ്യം കാണിക്കപ്പെടുന്നു. അപ്പോൾ അവന് ബോധ്യമാകുന്നു. അവന്റെ ജീവിതം എങ്ങനെയാണ് നഷ്ടപ്പെട്ടു പോയതെന്ന്, കാരണം അവന്റെ വളരെ പ്രാധാനപ്പെട്ടതും കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതുമായ കാര്യത്തിന് ഒരു ശ്രദ്ധയും കൊടുത്തില്ല എന്ന സത്യത്തിലേക്ക് അവനെ കൊണ്ടു പോകുന്നു.

## വചനങ്ങൾ 3,4,5

നിങ്ങൾ ശ്മശാനങ്ങൾ സന്ദർശിക്കുവോളം, വേണ്ട, നിങ്ങൾ തീർച്ചയായും അറിയും, അതേ വീണ്ടും തീർച്ചയായും നിങ്ങളറിയും

ഈ വചനത്തിന്റെ അർത്ഥം, നിങ്ങൾ സ്വയം ഖബ്റുകളിൽ എത്തിയിരിക്കുന്നുവെന്നും, എല്ലാവിധ താത്ക്കാലിക പ്രതാപ ശക്തിയും നിങ്ങളുടെ പിന്നിൽ പാടെ ഉപേക്ഷിച്ചിരിക്കുന്നുവെന്നും അതോടൊപ്പം ഒരു ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളും ശൂന്യമായിരിക്കുന്നു എന്ന സത്യവും നിങ്ങളറിയുകതന്നെ ചെയ്യും അപ്പോൾ ആ സമയത്ത് സത്യമായ ഈ യാഥാർത്ഥ്യം നിങ്ങളുടെ മുൻപിൽ പ്രത്യക്ഷമാകുന്നതാണ്, അപ്പോൾ എന്തുകൊണ്ട് ഈ വ്യർത്ഥജീവിതത്തിൽ, ഈ സത്യമായ യഥാർത്ഥ്യം ഗ്രഹിക്കുവാൻ മനുഷ്യൻ പരിശ്രമിക്കുന്നില്ല വളരെ താമസിച്ചുപോകുന്നതിനു മുൻപ് !

## വചനങ്ങൾ 6,7,8

അങ്ങനെയല്ല, നിങ്ങൾ ദൃഢമായി അറിയുന്ന പക്ഷം, തീർച്ചയായും, നിങ്ങൾ നരകത്തെ (ഈ ജീവിതത്തിൽ) കാണും പിന്നീട് അതിനെ (പരലോകത്ത്) നേരിൽ കണ്ട് നിങ്ങൾക്ക് ദൃഢവിശ്വാസം വരികതന്നെ ചെയ്യും

മൂന്ന് രീതിയിലുള്ള യഖീൻ ഉണ്ട്. യഖീൻ എന്ന വാക്കിന് ദൃഢജ്ഞാനം എന്ന് അർത്ഥം പറയാം. പ്രസ്തുത വാക്ക് വിശുദ്ധഖുർആനിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു. ഇൽമുൽയഖീൻ ചിന്താപരമായി എത്തിച്ചേർന്ന ദൃഢ ജ്ഞാനം. അയ്നുയഖീൻ വ്യക്തിപരമായ പരിശോധനയിലൂടെ എത്തിച്ചേർന്ന ദൃഢജ്ഞാനം. ഹഖുൽയഖീൻ സമ്പൂർണ്ണ സത്യജ്ഞാനം, വിധി നിർണ്ണയത്തിൽ തെറ്റിനും സാധ്യതയില്ല, അഥവ ദർശനാനുഭവത്തിൽ പിഴവില്ലാത്ത ജ്ഞാനം

ഒന്നാമത്തെ വിഭാഗം, അതായത്, ചിന്തിച്ച് ഉറപ്പുവരുത്തുക അഥവാ അനുമാനിയ്ക്കുക. അതാണിവിടെ പറയുന്നത്. അതായത് നാം ഒരു വ്യക്തിയിൽ നിന്നും എന്തെങ്കിലും കേൾക്കുന്നു. അല്ലെങ്കിൽ നമ്മുടെ തന്നെ അറിവിന്റെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങളിലെത്തിച്ചേരുന്നു. ഇത് നമ്മുടെ വ്യക്തിപരമായ മാനസികാവസ്ഥയിലെത്തിചേരുന്നു. ഇത് നമ്മുടെ വ്യക്തിപരമായ മാനസികാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്,

ഇങ്ങനെ നാം ചിന്തിച്ചാൽ ഈ ലോകജീവിതത്തിലെ മനോഹരമായ സാധനങ്ങളുടെ ആസ്വാദനത്തിനും മൂല്യത്തിനും നാം വളരെ വലിയ പ്രാധാന്യം കൊടുക്കുന്നതാണ്. അങ്ങനെ ആവശ്യമില്ലാത്തതും അപ്രധാനവുമായ കാര്യങ്ങളുടെ പുറകെ പോയി നമ്മുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുന്നതായിരിക്കും. എന്നാൽ നമ്മുടെ ചിന്താശേഷിയെ ഇപ്പോൾ നാം തട്ടി ഉണർത്തുന്നില്ലെങ്കിൽ നമ്മുടെ തെറ്റായ എല്ലാ തീരുമാനങ്ങളുടെയും ശിക്ഷ നമ്മുടെ കണ്ണുകൾ കൊണ്ടു തന്നെ നാം കണേണ്ടി വരും. നാം നരകത്തെ കാണുക തന്നെ ചെയ്യും.

## വചനം 9 :

## പിന്നീട് അന്നാളിൽ നിങ്ങളോട് ഭൗതിക സുഖങ്ങളെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്.

നാം ചോദ്യം ചെയ്യപ്പെടുന്നതാണ്, അതായത് ഭൂമിയിൽ നാം ആസ്വദിച്ച എല്ലാവിധ സുഖാനന്ദങ്ങളുടെയും ഉത്തരവാദിത്വം നമുക്ക് തന്നെ ആയിരിക്കും. അത് ആസുഖാനന്ദം, മോശമായ അഹംഭാവ പ്രകടനത്തിന്റെ പേരിലായായും ശരി, വ്യർത്ഥമായ ആസ്വാദനത്തിന്റെ പേരിലായാലും ശരി, വിലയില്ലാത്തതും, ചീത്തയായതുവുമായ സാധനങ്ങളുടെ പേരിലായാലും ശരി അഥവാ അനുവദനീയമായ കാര്യങ്ങളിൽ നിങ്ങൾകാണിച്ച അമിതാഹ്ലാദത്തിന്റെ പേരിലായാലും ശരി (അതു സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്) ആയതിനാൽ നാം അനുവദീനയമായ പരിധിക്കുള്ളിൽ നിന്നു പ്രവർത്തിക്കേണ്ടതാണ്

ഈ അധമ ജീവിതത്തിലെ സുഖാഡംബരങ്ങളിൽ പൂർണ്ണമായും അലിഞ്ഞു ചേരുവാൻ ഇസ്ലാം നമ്മെ അനുവദിക്കുന്നില്ല. കാരണം ഇത്തരം സുഖാനുഭവങ്ങൾ നമ്മെ സ്വാർത്ഥനാക്കി മാറ്റുന്നു.

ഈ സുഖാഡംബരങ്ങൾ നമ്മുടെ വിലപ്പെട്ട സമയത്തെ അപഹരിക്കുന്നു. അതോടൊപ്പം നമ്മുടെ ധനത്തെയും, നമ്മുടെ കഴിവിനെയും എന്നാൽ അതേ സമയം, ധനവും കഴിവുകളും നമ്മുടെ സമുദായത്തിന്റെ പുരോഗതിക്കായി ചെലവഴിക്കുവാൻ സാധിക്കുന്നതാണ്. ഈ സുഖാഡംബരങ്ങൾ, അല്ലാഹുവിനോടുള്ള നമ്മുടെ ഉത്തരവാദിത്വങ്ങളെ വിസ്മരിപ്പിക്കുന്നു, നമ്മുടെ തന്നെ ആത്മാവിനോടുള്ള ഉത്തരവാദിത്വത്തെയും വിസ്മരിപ്പിക്കുന്നു.

ഇത്തരം സുഖാഡംബരങ്ങൾ നമ്മുടെ ഭൗതിക ഇന്ദ്രിയങ്ങൾക്ക് സുഖം പകരുന്നതാണ്. എന്നാൽ ഒരു ദിനം നമ്മുടെ ഈ ഭൗതിക ശരീരം ഭൂമിക്കടയിൽ മറ ചെയ്യപ്പെടുന്നതാണ്. നമ്മുടെ മരണശേഷം നമ്മുടെ ആത്മാവിനെ നാം അവഗണിക്കരുത്. നാമെന്നു പറയുന്ന ജീവിയുടെ പ്രധാനപ്പെട്ട ഒരു ഭാഗം തന്നെയാണത്.

നമ്മുടെ ഇഹലോകവാസം വളരെ താത്ക്കാലികമാണ് എന്ന് നാം എപ്പോഴും ഓർത്തിരിക്കണം. നമ്മുടെ കഴിവിൽപ്പെട്ട എല്ലാ കാര്യങ്ങളിലും നമുക്കൊരു ഉത്തരവാദിത്വമുണ്ട്. അത് നിർവ്വഹിക്കേണ്ടതുമാണ്. ആയതിനാൽ നമുക്ക് അല്ലാഹുവിനോടുള്ള ഉത്തരവാദിത്വനിർവ്വഹണം നാം ഒരിക്കലും മറന്നു പോകരുത്, അതോടൊപ്പം നമ്മുടെ ആത്മാവിനോടുള്ള ഉത്തരവാദിത്വവും ! ഭൂമിയിലെ വാസം വളരെ താത്ക്കാലികമാണ്. ഭാവിയിലെ മരണാന്തരജീവിതമാണ് അനന്തമായി നമുക്കുള്ളത്. ഈ ഭൂമിയിലേക്ക് നമ്മെ അല്ലാഹു അയ്ച്ചപ്പോൾ നമ്മുടെ മേൽ ഒരു വലിയ ഭാരം ചുമത്തിയല്ല വിട്ടത്. കാരണം നമ്മുടെ ഭൗതികശരീരം വളരെ ദുർബലമാണ് എന്ന് അവനറിയാം. അതുകൊണ്ട് അവൻ നമുക്ക് നമ്മുടെ വ്യക്തിപരമായ ഇച്ഛകൾ പൂർത്തികരിക്കുവാൻ അനുവാദം നല്കിയിരിക്കുന്നു. വിശ്രമം അനുവദിച്ചിരിക്കുന്നു. എന്നാൽ അവനോട് നന്ദികേട് കാണിക്കരുത് എന്ന് മാത്രം. അവനെ മാത്രം ആരാധിക്കുന്നതിൽ നിന്നും വ്യതിചലിക്കരുത്. നമ്മുടെ മേൽ അവൻ ചൊരിഞ്ഞിരിക്കുന്ന അനുഗ്രഹങ്ങളും വിസ്മരിക്കരുത്. അവൻ നല്കിയിരിക്കുന്ന കല്പനകളും മറക്കരുത്. ആ കല്പനകൾ നാം നിറവേറ്റണ്ടതാണ്. ആയതിനാൽ നാം എപ്പോഴും ശരിയായ വഴിയിലൂടെ സഞ്ചരിക്കേണ്ടതാണ്. അല്ലാഹുവിനോടുള്ള ഉത്തരവാദിത്വം എപ്പോഴും നിറവേറ്റുന്നവൻ മാത്രമാണ് എപ്പോഴും ഉന്നതി പ്രാപിച്ചു കൊണ്ടിരിക്കുന്നവൻ. മറിച്ച് ഇഹലോക ആകർഷണങ്ങളിൽപ്പെട്ട് അല്ലാഹുവിനെ വിസ്മരിച്ചുപോയവൻ, അവർ തന്നെയാണ് നഷ്ടകാരി!

ഈ താത്ക്കാലിക ലോകത്തിലെ അമിത ഭക്ഷണേച്ഛയിൽ നിന്നും അമിത ധനച്ഛയിൽ നിന്നും അല്ലാഹു (ത) നമ്മെ സംരക്ഷിക്കട്ടെ അനുഗ്രഹപൂർവ്വം സുതാര്യമായി അവനിലേക്ക് എത്തിച്ചേരുവാൻ അവൻ നമ്മെ സഹായിക്കട്ടെ ! ഇൻശാഅല്ലാഹ് ! ആമീൻ

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**